ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നതു : ടിം.എം .മനാഹരൻ. ഐ. എഫ്. എസ്

വിഷയം. --ജീവനക്കാര്യം- സീനിയർഗ്രേഡ് റെയിഞ്ചർ മാർക്കുള്ള ശമ്പളനിർണ്ണയം -ശമ്പളപരിഷ്ക്കരണ ഉത്തരവിലെ അപാകതകൾ- ഉത്തരവിലെ പുറപ്പെടുവിക്കുന്നു.

സൂചന-1. സർക്കാർ ഉത്തരവു നംപർ (പി) 3000/98/ഫിൻ. തീയതി 25.11.98.

2. സർക്കാർ കത്ത് നംപർ 2156/എഫ്2/99/വനം തീയതി 1..6.2000.

ഉത്തരവ് നംപർ ഇ1-46412/98 തീയതി..20/7/2000(കെ.ഡിസ്)

---------------------------------------------------

സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിൽ റെയിഞ്ചർ, സീനിയർ ഗ്രേഡ് റെയിഞ്ചർ തസ്തികകൾ ഏകീകരിച്ച് 6675-1055/-രൂപ ശമ്പള സ്കെയിലിൽ ഒരു തസ്തികയാക്കി മാറ്റുകയുണ്ടായി. ഇതുമൂലം 1/3/97 മുംപ് സീനിയർ ഗ്രേഡ് പ്രാമോഷനോ, ഹയർഗ്രേഡ് പ്രൊമോഷനോ ലഭിച്ചവർക്ക് 6675 -10550/-രൂപ ശമ്പസ്കെയിലും 1-3-97-നു ശേഷം ഹയർഗ്രേഡ് ലഭിച്ചവർക്ക് 7200-11400 രൂപ ശമ്പളസ്കെയിലും ലഭിക്കുന്നതിന് ഇടയായി. ശമ്പള പരിഷ്ക്കര ഉത്തരവിലെ ഈ അപാകത പരിഹരിച്ചു നല്കുന്നതിനായി ഈ ഓഫിസിൽ നിന്നും സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുകയും, സൂചന രണ്ടിലെകത്ത് പ്രകാരം താഴെ പറയുന്ന രീതിയിൽ താഴെ പറയുന്ന രീതിയിൽ സർക്കാർ സ്പഷ്ടികരണം നല്കുകയും ചെയ്തു.

1. 1-3-97-ന് മുൻപു സീനിയർഗ്രേഡ് ലഭിച്ചവർക്കു 1-3-97 മുതൽ 6675-10550 എന്ന സ്കെയിൽ നല്കാം.

2..1-3-97-നു മുൻപു സീനിയർ ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്ക് 1-3-99 മുതൽ ആദ്യത്തെ ഹയർഗ്രേഡ് (പുതുക്കിയ സ്കെയിൽ) നല്കാവുന്നതാണ്.

3.സമയ ബന്ധിത ഗ്രേഡ് ലഭിക്കാതെ സീനിയർ ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്ക് നിശ്ചിത കാലാവധി (10/18) തികയുന്ന മുറക്ക്മുൻപേ റിവിഷൻ ഉത്തരവിലെ ബന്ധപ്പെട്ട ടേബിളിൽ പരാമർച്ചിരക്കുന്ന സ്കെയിലിൽ നല്കേണ്ടതാണ്. നേരത്തെ റൂൾ 28 (എ) പ്രകാരം ഫിക്സേഷൻ ബനിഫിറ്റ് ലഭിച്ചിട്ടുള്ളതിനാൽ ഇപ്രകാരം ഉയർന്ന സ്കെയിലിൽ നല്കുംമ്പോൾ റൂൾ-30 അനുസരിച്ചുള്ള ആനുകൂല്യം മാത്രമേ നല്കാവൂ.

4.കൂടാതെ പ്രൊമോഷൻ യോഗ്യത നേടാത്തവർക്കും 7200-11400 എന്ന സ്കെയിൽ നല്കാവുന്നതാണ്

മേൽ പറഞ്ഞ സ്പഷ്ടികരണത്തിന്റെ വെളിച്ചത്തിൽ 1-3-97 ന് മുൻപ് സമയബന്ധിതഗ്രേഡ് ലഭിക്കാതെ സീനിയർ ഗ്രേഡ് ലഭിക്കുകയും 1-3-97-(1) മുൻപ്

തന്നെ സമയബന്ധിത ഗ്രേഡിനു ആവശ്യമായ യോഗ്യതാകാലം പൂർത്തിയാക്കുകയും ചെയ്ത റെയിഞ്ചർമാർക്ക് കെ എസ് .ആർ (പാർട്ട് 1) റൂൾ 30 പ്രകാരം ഓപ്ഷൻ നല്കി ശംപള നിർണ്ണയം നടത്താവുന്നതാണെന്ന് ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു

(ഒപ്പ്)

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(അഡ്മിമിട്രേഷർ)

പകർപ്പ്--എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും/എല്ലാകൺസർ വേറ്റർമാർക്കും ഈ

ഉത്തരവ് ബന്ധപ്പെട്ട് റെയിഞ്ചർമാർക്കു നല്കി ഓപ്ഷൻ ലഭ്യമാക്കി ഈ ഓഫീസിലേക്കു അയച്ചുതരേണ്ടതാണ്.

ഇണ്ടാസ് നംപർ.ഇ2-6189/2000 (കെ.ഡി.സ്) തീയതി.2/8/2000.

പകർപ്പ്-ഉത്തരവിന്റെ പകർപ്പ് സഹിതം എല്ലാ ഡിവിഷണൻ ഫോറസ്റ്റ് ഓഫീസർ/റെയിഞ്ചാഫീസർമാർ എന്നിവരുടെ അറിവിനായി നല്കുന്നു.

ഫോറസ്റ്റ് കൾസൻവേറ്റർ/എസ്/എസ്/എ .എ /ജെ.എസ്/എച്ച്.എ/
ഇ1/ഇ3/ എന്നീ സെക്ഷനുകളിലേക്ക്/ സ്റ്റോക്ക് ഫയലിലേക്കു

(ഒപ്പ്)

ഫോറസ്റ്റ് കൺസർവേറ്റർക്കുവേണ്ടി.

അംഗീകാരത്തോടെ,

സൂപ്രണ്ട്